# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദൈവകൃപയാൽ ബാംഗ്ലൂർ മെത്രാസന ഇടവകയുടെ
ഡോ.എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായിൽ നിന്നും

C. No. 009/2023

*നമ്മുടെ ഹൈദരാബാദ് റീജിയണിലെ എല്ലാ ഇടവക വികാരിമാർക്കും കൈസ്ഥാനികൾക്കും സെക്രട്ടറിമാർക്കും മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്കും ശേഷം ജനങ്ങൾക്കും വാഴ്‌വ്.*

പ്രിയരെ, ആ റീജിയണിലെ ദിവ്യബോധനം പഠനപദ്ധതിയുടെ വൈസ് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് നമ്മുടെ വന്ദ്യനായ തോമസ് ഉമ്മൻ കത്തനാരെ നാം നിയമിച്ചിരിക്കുന്നു. ആ റീജിയണിൽ നമ്മുടെ ആത്മീകമക്കൾ ദിവ്യബോധനം പഠനപദ്ധതിയിൽ ചേർന്ന് പഠിക്കുവാൻ താല്പര്യം കാണിക്കണമെന്ന് അറിയിക്കുന്നു.

വീണ്ടും പ്രിയരെ, ആ റീജിയണിലെ പ്രാർത്ഥനായോഗത്തിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്ന ശ്രീ എസ്. അലക്സിനെ ആ സ്ഥാനത്തുനിന്നും മാറ്റി പകരം നമ്മുടെ സെന്റ് ആൻഡ്രൂസ് കത്തീഡ്രൽ വലിയപള്ളി അംഗം ശ്രീ സുനിൽ വർഗീസിനെ പ്രാർത്ഥനായോഗം ഹൈദരാബാദ് റീജിയണൽ സെക്രട്ടറിയായി നാം നിയമിച്ചിരിക്കുന്നു. റീജിയണൽ സെക്രട്ടറിയായി ശ്രീ എസ്. അലക്സ് ചെയ്ത ശുശ്രൂഷകളെ നന്ദിയോടെ ഓർക്കുന്നു. പുതിയ സെക്രട്ടറി, റീജിയണൽ വൈസ് പ്രസിഡന്റ് വന്ദ്യനായ കെ.എം. ജേക്കബ് കത്തനാരോട് ചേർന്ന് പ്രാർത്ഥനായോഗത്തിന്റെ പ്രവർത്തനങ്ങൾ ശക്തമാക്കുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

*ശേഷം പിന്നാലെ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*

**ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത**

2023 ജൂൺ മാസം 3-ാം തീയതി
ബാംഗ്ലൂർ ഓർത്തഡോക്സ് അരമനയിൽ നിന്നും

***CC:*** ***Rev. Fr. Thomas Oommen***
***Mr. Sunil Varghese***